**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - പാലക്കാട് ജില്ലയിൽ വണ്ടാഴി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീമതി. എൻ.ആർ. ജ്യോതി പാലക്കാട് ജില്ലാ സഹകരണ ബാങ്കിലെ ജോലി രാജിവെച്ച് തിരികെ പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിച്ചത് - സഹകരണ ബാങ്കിലെ സേവന കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ).നം.2757/2017/തസ്വഭവ** **തീയതി,തിരുവനന്തപുരം,08/08/2017**

---

പരാമർശം: 1. സ.ഉ(പി) നം.48/81/GAD തീയതി,18-02-1981

2. സ.ഉ(സാധാ) നം. 3279/2015/ തസ്വഭവ തീയതി, 07.11.2015

3. പഞ്ചായത്ത് ഡയറക്ടറുടെ 15/11/2016 ലെ ഇ 10-22630/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിൽ വണ്ടാഴി ഗ്രാമപഞ്ചായത്തിൽ 04.05.2010 മുതൽ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീമതി. എൻ.ആർ. ജ്യോതി കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിയമനം ലഭിച്ചതിനെ തുടർന്ന് 09.06.2011-ൽ പഞ്ചായത്ത് വകുപ്പ് വിടുകയും സഹകരണ ബാങ്കിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പരാമർശം (2) ലെ ഉത്തരവ് പ്രകാരം കെ.എസ്.ആർ ലെയും കെ.എസ്.&എസ്.എസ്.ആർ ലെയും വ്യവസ്ഥകളിൽ ഇളവ് വരുത്തി പഞ്ചായത്ത് വകുപ്പിൽ പുനർനിയമനം നൽകുന്നതിന് ഉത്തരവായതിനെ തുടർന്ന് പഞ്ചായത്ത് വകുപ്പിൽ നിയമനം നൽകുകയും 22.01.2016 മുതൽ ശ്രീമതി. എൻ.ആർ. ജ്യോതി പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പി.എസ്.സി വിജ്ഞാപനം വഴി നിയമനം ലഭിച്ച് വകുപ്പ് വിട്ടുപോയ ഒരാൾക്ക് കെ.എസ്&എസ്.എസ്.ആർ ലെ വ്യവസ്ഥകൾ പ്രകാരം പുനർനിയമനത്തിന് അർഹതയുണ്ടെങ്കിലും രണ്ടാമത്തെ നിയമനം രാജിവെച്ച് തിരികെ മാതൃവകുപ്പിൽ പ്രവേശിക്കുന്നവരുടെ നിയമനം പുതിയ നിയമനമായാണ് കണക്കാക്കുന്നത്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ശ്രീമതി. ജ്യോതി സഹകരണ ബാങ്കിലെ ജോലി രാജിവെച്ച് തിരികെ വന്നിട്ടുള്ളതിനാൽ ടിയാളുടെ നിയമനം പുതിയ നിയമനമായേ പരിഗണിക്കുവാൻ കഴിയുകയുള്ളൂവെന്നും എന്നാൽ ശ്രീമതി. ജ്യോതിയ്ക്ക് പരാമർശം (2) പ്രകാരം നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തിക്കൊണ്ടാണ് പഞ്ചായത്ത് വകുപ്പിൽ സർക്കാർ പുനർനിയമനം നൽകിയിരിക്കുന്നത് എന്നതിനാലും ശ്രീമതി. ജ്യോതിയുടെ അടിസ്ഥാന ശമ്പളം നിർണ്ണയിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവ് പ്രകാരം ശ്രീമതി എൻ.ആർ ജ്യോതിയുടെ പഞ്ചായത്ത് വകുപ്പിലെ പ്യൂൺ തസ്തികയിലെ മുൻകാല സേവനം നഷ്ടമാകാതെ പഞ്ചായത്ത് വകുപ്പിൽ നിന്ന് വിടുതൽ ചെയ്തതു മുതൽ തിരികെ പഞ്ചായത്ത് വകുപ്പിൽ പ്രവേശിച്ചതു വരെയുള്ള ജില്ലാ സഹകരണ ബാങ്കിലെ സേവന കാലയളവ് യാതൊരു വിധ സേവനാനുകൂല്യങ്ങൾക്കും കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചുത്തരവാകുന്നു. ശ്രീമതി എൻ.ആർ ജ്യോതി പഞ്ചായത്ത് വകുപ്പിൽ പ്യൂൺ തസ്തികയിൽ നിന്ന് വിടുതൽ ചെയ്ത 09.06.2011 തീയതിയിലെ അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ 01.07.2014 ൽ 2014 ശമ്പള പരിഷ്കരണം അനുവദിച്ച് പ്രസ്തുത ശമ്പളം പഞ്ചായത്ത് വകുപ്പിൽ പ്യൂൺ തസ്തികയിൽ തിരികെ പ്രവേശിച്ച 22.01.2016 തീയതിയിൽ നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, വണ്ടാഴി ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീമതി. എൻ.ആർ. ജ്യോതി, ഓഫീസ് അറ്റൻഡന്റ്, (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പി.ആർ.ഡി (Web&New media)
ഓഫീസ് പകർപ്പ് (ഇപിഎ 2/204/2016/തസ്വഭവ)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ